27 (*177) **ജില്ലാ-താലൂക്ക് ആശുപത്രികളിലെ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത**

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ-താലൂക്ക് ആശുപതികളിലെ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ താലൂക്ക് ആശുപത്രികളുടെ വികസനത്തിനായി 1998-99 വർഷത്തിൽ എന്തു തുക വകയിരുത്തിയിരുന്നു എന്നും അതിൽ എത്ര ശതമാനം തുക ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ)&(ബി) ജില്ലാ/ താലൂക്ക് ആശുപത്രികളിൽ അനുവദിക്കപ്പെട്ടിട്ടുള്ള കിടക്കകളുടെ എണ്ണത്തേക്കാൾ വളരെ കൂടുതലാണ് ചികിത്സയ്ക്കെത്തുന്നവരുടെ എണ്ണം. ഈ സ്ഥാപനങ്ങളിലെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ആവശ്യമുള്ള ഡോക്ടർമാരേയും മറ്റ് സ്റ്റാഫിനേയും നിയമിച്ചിട്ടുണ്ട്. ഡോക്ടർ നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റിന്റെ അഭാവത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും താൽക്കാലികമായി നികത്തിയിട്ടുണ്ട്. മരുന്നും മറ്റ് ആധുനിക ചികിത്സോപകരണങ്ങളും ആവശ്യകതയും സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ലഭ്യമാക്കിയിട്ടുണ്ട്. പുതിയ യൂണിറ്റുകളും തസ്തികകളും സൃഷ്ടിച്ചു. കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ചു. അത്യാഹിതവിഭാഗം കൂടുതൽ കാര്യക്ഷമമാക്കി. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സാമ്പത്തിക ലഭ്യതയ്ക്കനുസൃതമായി നടപടികൾ കൈക്കൊണ്ടു.

(സി) 1998-99-ലെ ബഡ്ജറ്റിൽ ആരോഗ്യവകുപ്പിനായി 250 ലക്ഷം രൂപ ആശുപത്രി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി വകയിരുത്തിയിട്ടുണ്ട്. ചെലവഴിച്ചതിന്റെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

28 (*178) **മാവേലി സ്റ്റോറുകളിലൂടെ വിൽക്കുന്ന നിത്യോപയോഗ സാധനങ്ങൾക്കുള്ള നിയന്ത്രണം**

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര- നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകളിലൂടെ വിൽക്കുന്ന നിത്യോപയോഗ സാധനങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിയന്ത്രണങ്ങൾക്ക് വിധേയമായി പരമാവധി ലഭിക്കാവുന്ന സാധനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സാധനങ്ങളുടെ അളവിലുള്ള നിയന്ത്രണങ്ങൾമൂലം ഉപഭോക്താക്കൾക്ക് പൊതു വിപണിയെ കൂടുതലായി ആശ്രയിക്കേണ്ടിവരുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം നിയന്ത്രണങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) മാവേലി സ്റ്റോറുകളിലൂടെ വിൽക്കപ്പെടുന്ന സാധനങ്ങൾക്ക് പായ്ക്കിംഗ് ചാർജ് ഈടാക്കി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര- നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) ഉണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) &(ഡി) മാവേലി സ്റ്റോറിൽ കൂടി വിതരണം നടത്തുന്ന സാധനങ്ങൾ കരിഞ്ചന്തയിൽ വിൽക്കുന്നത് തടയുന്നതിനുവേണ്ടിയാണ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. കൂടുതലാളുകൾക്ക് മാവേലി സ്റ്റോറിന്റെ പ്രയോജനം ലഭിക്കുന്നതിനും ഇതാവശ്യമാണെന്ന് കരുതുന്നു.

(ഇ) മാവേലി സ്റ്റോറിൽ കൂടി വിൽക്കപ്പെടുന്ന സാധനങ്ങൾക്ക് പായ്ക്കിംഗ് ചാർജ് ഈടാക്കുന്നില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനു വേണ്ടി പ്രത്യേകമായി തയ്യാറാക്കിയിട്ടുള്ള പോളിത്തീൻ കവറുകളിലാണ് സാധനങ്ങൾ പായ്ക്ക് ചെയ്ത് കൊടുക്കുന്നത്.

29 (*179) ടൂറിസം വികസനത്തിന് കേന്ദ്രസഹായം

ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. ആന്റണി രാജു :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി.എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം വികസനത്തിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാം പദ്ധതികളാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ വിനോദസഞ്ചാരനയം ഉണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) വിനോദസഞ്ചാര വികസനത്തിലൂടെ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(ഇ) വിദേശ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുവാൻ എന്തെല്ലാം പുതിയ സംരംഭങ്ങൾ ഉണ്ടാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly